(ജി) സർക്കാർ കക്ഷി ചേരാത്തതിനാലാണ് ഈ കേസിൽ ആർക്കെങ്കിലും അനുകൂലമായി കോടതി വിധി വന്നതെന്ന് ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ബോർഡിന്റെ രൂപീകരണം പ്രതിപാദിക്കുന്ന സർക്കാരിന്റെ 3-7-2000-ലെ ജി.ഒ.(പി) 108/ 2000/ സഹ നമ്പർ ഗസറ്റ് നോട്ടിഫിക്കേഷനിലെ (എസ്.ആർ.ഒ.616/2000) ക്ലാസ് 16(ബി) പ്രകാരം ബോർഡിലെ ജീവനക്കാരുടെ നിയമനാധികാരി ബോർഡ് ഭരണസമിതിയാണ്. ആയതിനാൽ ബോർഡിലെ ജീവനക്കാർക്കെതിരെ അച്ചടക്ക നടപടി സ്വീകരിക്കേണ്ട വിഷയം സംബന്ധിച്ച് ഉചിതമായി തീരുമാനം കൈക്കൊള്ളേണ്ടത് ബോർഡ് ഭരണ സമിതിയാണ്. 28266/13 നമ്പർ റിട്ട് പെറ്റീഷനിലെ ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ 3-9-2014-ലെ വിധി ന്യായത്തിനെതിരെ സർക്കാർ അപ്പീൽ നൽകുന്ന കാര്യം പരിശോധിച്ചുവരുന്നു. കേരള സഹകരണ വികസന ക്ഷേമനിധി ബോർഡിൽ ഇപ്പോൾ ഡാറ്റാ എൻട്രി ഓപ്പറേറ്റർ തസ്തിക നിലവിലില്ല. ബോർഡിന്റെ പ്രവർത്തനങ്ങൾ എല്ലാം തന്നെ പ്രത്യേക സോഫ്റ്റ്വെയറുകളുടെ സഹായത്തോടെ കമ്പ്യൂട്ടറിലൂടെ ചെയ്യേണ്ട സാഹചര്യം കണക്കിലെടുത്ത് ഡാറ്റാ എൻട്രി ഓപ്പറേറ്റർ എന്ന തസ്തികയുടെ ആവശ്യകത ഇല്ലെന്ന ബോർഡിന്റെ അപേക്ഷ പരിഗണിച്ചാണ് തസ്തിക നിർത്തലാക്കിയത്.

നന്മ സ്റ്റോറുകളിലെ ജീവനക്കാർ

69 (2307) ശ്രീ. എ. എ. അസീസ് :

ശ്രീ. കോവൂർ കുഞ്ഞുമോൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് എത്ര നന്മ സ്റ്റോറുകളാണ് പ്രവർത്തിക്കുന്നതെന്ന് ജില്ല തിരിച്ച് വ്യക്തമാക്കുമോ ;

(ബി) നന്മ സ്റ്റോറുകളിൽ ഒരോന്നിലും എത്ര ജീവനക്കാരാണ് നിലവിലുള്ളത് ;

(സി) സംസ്ഥാനത്തെ ആകെ നന്മ സ്റ്റോറുകളിലായി എത്ര പേർ ജോലി നോക്കുന്നു ;

(ഡി) ഈ വകുപ്പിൽ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിലും താൽക്കാലികാടി സ്ഥാനത്തിലും ജോലി ചെയ്യുന്നവർ എത്ര പേരാണെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) സംസ്ഥാനത്ത് കൺസ്യൂമർഫെഡ് നേരിട്ട് നടത്തുന്ന 865 നന്മ സ്റ്റോറുകളും സഹകരണ സംഘങ്ങൾ മുഖാന്തരം നടത്തുന്ന 751 നന്മ സ്റ്റോറുകളും ഉൾപ്പെടെ 1616 നന്മ സ്റ്റോറുകളാണ് പ്രവർത്തിക്കുന്നത്. നന്മ സ്റ്റോറുകളുടെ ജില്ല തിരിച്ചുള്ള കണക്കുകൾ ചുവടെ ചേർക്കുന്നു:

LIBRARY ARCHIVES Kerala Legislative Assembly

ജില്ല	കൺസ്യൂമർഫെഡ് നേരിട്ട് നടത്തുന്നവ	സഹകരണ സംഘങ്ങൾ നേരിട്ട് നടത്തുന്നവ	ആകെ
തിരുവനന്തപുരം	121	130	251
കൊല്ലം	198	165	363
പത്തനംതിട്ട	135	108	243
ആലപ്പുഴ	69	51	120
കോട്ടയം	34	12	46
ഇടുക്കി	30	27	57
എറണാകുളം	57	20	77
തൃശ്ശൂർ	40	39	79
പാലക്കാട്	50	19	69
മലപ്പുറം	75	25	100
കോഴിക്കോട്	20	40	60
വയനാട്	9	23	32
കണ്ണൂർ	19	50	69
കാസർഗോഡ്	8	42	50
ആകെ	865	751	1616

(ബി) കൺസ്യൂമർഫെഡ് നേരിട്ട് നടത്തുന്ന ഓരോ നന്മ സ്റ്റോറിലും ശരാശരി രണ്ട് ജീവനക്കാർ വീതമാണ് നിലവിലുള്ളത്. സഹകരണ സംഘങ്ങൾ മുഖാന്തരം നടത്തുന്ന നന്മ സ്റ്റോറുകളിൽ അതാത് സംഘത്തിലെ ജീവനക്കാരാണ് സേവനം അനുഷ്ഠിക്കുന്നത്.

(സി) സംസ്ഥാനത്ത് കൺസ്യൂമർഫെഡ് നേരിട്ട് നടത്തുന്ന നന്മ സ്റ്റോറുകളിൽ 1697 പേരാണ് ജോലി നോക്കുന്നത്. സഹകരണ സംഘങ്ങളിലൂടെ നടത്തപ്പെടുന്ന നന്മ സ്റ്റോറുകളിൽ അതാത് സംഘങ്ങളിലെ ജീവനക്കാരാണ് സേവനമനുഷ്ഠിക്കുന്നത്.

(ഡി) നന്മ സ്റ്റോറുകളിൽ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ ജോലി ചെയ്യുന്ന ജീവനക്കാർ ആരും തന്നെയില്ല. ദിവസവേതനാടിസ്ഥാനത്തിൽ 1652 പേർ ജോലി ചെയ്യുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly